പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട<br>നിയമസഭാ ചോദ്യം നമ്പർ 188 | 07/02/2019 ൽ<br>മറുപടിക്ക് |
|---|---|

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി**

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വ്യവസായ പുന:സംഘടനാ ബോർഡ് നടത്തുന്ന അവലോകനം എത്രമാത്രം സഹായകമായി എന്ന് വിശദമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം അവലോകനം ചെയ്യുന്ന സംവിധാനം പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് (റിയാബ്) മുഖേന ശക്തിപ്പെടുത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച മാസംതോറുമുള്ള റിപ്പോർട്ട് ഇൻറർനെറ്റ് സംവിധാനം മുഖേന ശേഖരിച്ചാണ് അവലോകനത്തിന് വിധേയമാക്കുന്നത്. സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തനം റിയാബ് നേരിട്ട് എല്ലാ മാസവും നടത്തിവരുന്നുണ്ട്. ഇതിന്റെ തുടർച്ചയായി മേഖല തിരിച്ചും എല്ലാ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുമുള്ള പ്രത്യേക അവലോകന യോഗങ്ങൾ സർക്കാർ തലത്തിൽ നടത്തുകയും ചെയ്യുന്നു. കൂടാതെ പൊതുമേഖലാസ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. |

| | | | |
|---|---|---|---|
| | | | റിയാബ് മുഖേന മാസം തോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെൻറ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നു നൽകുവാൻ സാധിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് റിയാബ് സമർപ്പിക്കുന്ന വിശകലന റിപ്പോർട്ടുകളുടെയും ചർച്ചകളുടെയും കൂടി അടിസ്ഥാനത്തിലാണ് സർക്കാർ ഈ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ നിർണ്ണായകമായ തീരുമാനങ്ങൾ കൈക്കൊണ്ടുവരുന്നത്. |
| ബി) | പൊതുമേഖലാ സ്ഥാപനങ്ങളിൽ മികവുറ്റ ഉല്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതിക വിദ്യയും നടപ്പിലാക്കുന്നതിനും ഉല്പാദനം കൂട്ടുന്നതിനുമുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിവരുന്ന പ്രവർത്തന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി, വിപണിയിൽ നിന്നും നേരിടുന്ന മത്സരങ്ങളെ അതിജീവിക്കത്തക്കവിധത്തിൽ സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ, ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ വൈവിദ്ധ്യവൽക്കരണ പദ്ധതികൾക്കായി ധനസഹായം നൽകുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടിരൂപയും നൽകിയിരുന്നു. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടിരൂപ വകയിരുത്തി സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾക്കായി അനുവദിച്ചുവരുന്നു. 2019-20ൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ പദ്ധതികൾക്കായി 299.35 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. |
| സി | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ റിയാബ് മുഖാന്തിരം മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള തീരുമാനം പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; | സി) | പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം നടപ്പിലാക്കുന്നതിൻെറ ഭാഗമായി സെപ്റ്റംബർ 2016ൽ റിയാബ് മുഖേന മാനേജിങ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഇതിൻെറ അടിസ്ഥാനത്തിൽ 13 പേരെ നിയമിച്ചിരുന്നു. നിലവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിങ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് പുനഃസംഘടിപ്പിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| ഡി) | കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ ഓരോ മേഖലയിലും വൈദഗ്ധ്യമുള്ളവരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുമെന്ന തീരുമാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ അതുമൂലം പൊതുമേഖലാ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ | ഡി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണം ബോർഡ് തലത്തിൽ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനും സ്ഥാപനങ്ങൾ ആവിഷ്ക്കരിച്ച് |

| | | | |
|---|---|---|---|
| | ഉണ്ടായ ഗുണകരമായ മാറ്റം എന്താണെന്ന് വ്യക്തമാക്കുമോ? | | നടപ്പിലാക്കിവരുന്ന വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും വിദഗ്ദ്ധരായ ഡയറക്ടർമാരുടെ സേവനം വളരെയധികം സഹായകരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ